| | | | |
|---|---|---|---|
| <?xml version="1.0" ?> | | | |
| <?xml-stylesheet type="text/css" href="home.css"?> | | | |
| <Doc id="mal-w-media- | ML00004 | " | lang="malayalam"> |
| <Header type="text"> | | | |
| <encodingDesc> | | | |
| <projectDesc> | CIIL-Malayalam Corpora, Monolingual Written Text | | </projectDesc> |
| <samplingDesc> | Simple written text only has been transcribed. Diagrams, pictures, tables and verses have been omitted. Samples taken from page 32-33, 64-65, 94-95, 128-129, 162-163, 190-191, 224-225, 256-257, 288-289, 326-327 | | </samplingDesc> |
| </encodingDesc> | | | |
| <sourceDesc><br><biblStruct><br><source> | | SRLC | |
| | <category> | Aesthetics | </category> |
| | <subcategory> | Literature-Novels | </subcategory> |
| | <text> | Book | </text> |
| | <title> | agragAmi | </title> |
| | <vol> | | </vol> |
| | <issue> | | </issue> |
| </source> | | | |
| <textDes> | | | |
| | <type> | | </type> |
| | <headline> | | </headline> |
| | <author> | saimaN' briTTO | </author> |
| | <translator> | | </translator> |
| | <words> | 2907 | </words> |
| </textDes> | | | |
| <imprint> | | | |
| | <pubPlace> | India-Kottayam | </pubPlace> |
| | <publisher> | sAhityapravar'ttaka sahakaraNasaMghaM | </publisher> |
| | <pubDate> | 2002 | </pubDate> |
| </imprint> | | | |
| <idno type="CIIL code"> | | S58920 | </idno> |
| <index> | | ML00004 | </index> |
| </biblStruct><br></sourceDesc> | | | |
| <profileDesc><br><creation> | | | |
| | <date> | 04-May-2009 | </date> |
| | <inputter> | Remya K. | </inputter> |
| | <proof> | Rejitha K.S., Sajila S | </proof> |
| </creation> | | | |
| <langUsage> | | Malayalam | </langUsage> |
| <wsdUsage> | | | |
| <writingSystem id="ISO/IEC 10646">Universal Multiple-Octet Coded Character Set (UCS).<br></writingSystem> | | | |
| </wsdUsage> | | | |
| <textClass> | | | |
| <channel mode="w"> | | print | </channel> |
| <domain type="public"> | | | </domain> |
| </textClass> | | | |

| | | |
|---|---|---|
| </profileDesc><br></Header> | | |
| <text><body> | | |
| <p> | പരീക്ഷ ഓരോന്നായി കടന്നുപോയി. ഇരുവരും തൃപ്തിയായി പരീക്ഷ എഴുതി. പരീക്ഷയുടെ ക്ഷീണത്തിൽ കലിയാദേവി മുറിയിൽ കിടന്നുറങ്ങി. ഏറെ ദിവസങ്ങളായി ഒറ്റയ്ക്കിരുന്നിട്ട്. ഓമന ചുറ്റും നോക്കി. ഗംഗയ്ക്കുമേലെ സന്ധ്യ വീണുതുടങ്ങി. | </p> |
| <p> | കലിയയെ ഉണർത്തേണ്ട. മെല്ലെ വാതിൽ ചാരി ഓമന നദിയോരത്തേക്കു നടന്നു. പല മുറികളിലും ബഹളമാണ്. അടുത്ത മുറിയിൽ കുട്ടികൾ ഒരുമിച്ചിരുന്ന് പാട്ടുപാടി രസിക്കുന്നു. ചില മുറികൾ നിശബ്ദമാണ്. | </p> |
| <p> | ഹോസ്റ്റൽവരാന്തയുടെ പടികളിറങ്ങി അവൾ ഗംഗയ്ക്കരികിലേക്കു നടന്നു. സന്ധ്യയിൽ ചെമ്പകപ്പൂക്കൾ വിരിഞ്ഞിറങ്ങുന്ന തണുത്ത ഗന്ധം. അവൾ മണത്തു. ഗംഗയ്ക്കരികിലെ കല്പടവിൽ അവൾ ഇരുന്നു. സ്വച്ഛതയോടെ കാറ്റൂതിക്കൊണ്ടിരുന്നു. ദൂരെ കണ്ണെത്താത്ത ദൂരത്ത് ഇരുട്ട് കട്ടകെട്ടിത്തുടങ്ങി. പിറകിൽ ഹോസ്റ്റൽ ബൾബുകൾ പ്രകാശിച്ചു. ഇരുട്ടിലേക്കു നോക്കിയിരിക്കവെ, അവൾ ഓർത്തു: ഇന്നലെ പരീക്ഷ കഴിഞ്ഞ് കലിയയ്ക്കു മുമ്പെ പുറത്തിറങ്ങി. പുറത്ത് രാമാവതാർ കാത്തുനിന്നിരുന്നു. അവൻ കുറെക്കൂടി സുന്ദരനായപോലെ അവൾക്കു തോന്നി. | </p> |
| <p> | വട്ടമുഖം തുടുത്തിരിക്കുന്നു. ക്ലീൻഷേവ്. പറ്റെ വെട്ടി പിന്നോട്ടു ചീകിയ, കറുത്ത സമൃദ്ധമായ മുടി. കറുത്തിരുണ്ട കൃഷ്ണമണികൾ. സാമാന്യം ഉയരം. ഒത്ത വണ്ണം. വെളുത്ത പാന്റും ഷർട്ടും. ശരിക്കും ഒരു ഡോക്ടർ തന്നെ. അവൾ മനസ്സിൽ പറഞ്ഞു. പുഞ്ചിരിയോടെ രാമാവതാർ തുടങ്ങി. | </p> |
| <p> | “എന്റെ മുറി കാണണോ?” | </p> |
| <p> | അവൾ അവന്റെ മുഖത്തേക്കു തുറിച്ചുനോക്കികൊണ്ട് ഗൗരവത്തിൽ ചോദിച്ചു: | </p> |
| <p> | “എന്റെ മുറിയോ? അത് ഏതാണ്?” | </p> |
| <p> | “അല്ല, ഓമനയുടെ ഏട്ടന്റെ മുറി.” | </p> |
| <p> | “ഓ....എങ്കിൽ പുറപ്പെടാം” | </p> |
| <p> | ഒരു റിക്ഷാപിടിച്ച് ഇരുവരും രോഷ്നി മൻസിലിലെത്തി. ഗോവണി കയറുമ്പോൾ അവൾ റംലാ ദീദിയേയും ചമ്പയേയും പരതി. എങ്ങും കണ്ടില്ല. മുറിക്കുള്ളിൽ അവരുടെ സംസാരം പിന്നീടു കേട്ടു. അവൾ രാമാവതാറിനു നേരെ കൈനീട്ടി. | </p> |
| <p> | “താക്കോൽ തരൂ, എന്റെ ഏട്ടന്റെ മുറി ഞാൻ തുറക്കാം.” | </p> |
| <p> | “ഏട്ടന്റെ മുറിക്കുള്ളിൽ ഭർത്താവിന്റ മുറി പൂട്ടാതെ തുറന്നു കിടപ്പുണ്ട്. അതുകൂടി തുറന്നു കൊള്ളൂ.” | </p> |
| <p> | “ഇത്രയും വേഗം ഭർത്താവായോ? കല്യാണം കഴിഞ്ഞിട്ടു മതി ഭർത്താവ്.” | </p> |
| <p> | ഓമന വാതിൽ തുറന്നു. അവൾക്കു പിറകെ രാമാവതാർ കാലെടുത്തു വച്ചുകൊണ്ടു പറഞ്ഞു: | </p> |
| <p> | “എങ്കിൽ എനിക്ക് ഇനി കാക്കാൻ വയ്യ. ഉടനെ ഭർത്താവാകണം.” | </p> |

| | | |
|---|---|---|
| <p> | വിടർന്നകണ്ണുകളോടെ ഓമന ചോദിച്ചു: | </p> |
| <p> | “എങ്ങനെ?” | </p> |
| <p> | ഇരുവരും അകത്ത് കയറിയിരുന്നു. | </p> |
| <p> | “അടുത്ത മാസം ബീഹാർ വിധാൻസഭ തെരെഞ്ഞെടുപ്പാണ്. പാർട്ടി ആഫീസിൽവെച്ച് ഞാൻ വോട്ടേഴ്സ് ലിസ്റ്റ് കണ്ടു. അതിൽ ഓമനയുടെ പേരുണ്ട്” | </p> |
| <p> | “വോട്ടുചെയ്യൽ വിവാഹമല്ലല്ലോ.” | </p> |
| <p> | ഓമന കളിയാക്കി. കസേരയിൽ കാലെടുത്തുവച്ചുകൊണ്ട് രാമാവതാർ പറഞ്ഞു: | </p> |
| <p> | “എങ്കിൽ എന്റെ പദ്ധതി കേട്ടോളൂ. അടുത്തമാസം തെരെഞ്ഞെടുപ്പ്; ശേഷം നമ്മുടെ വിവാഹം.” | </p> |
| <p> | ഓമന ജിജ്ഞാസയോടെ രാമാവതാറിന്റെ മുഖത്തു നോക്കി. | </p> |
| <p> | “അതൊക്കെ ഞാൻ സംസാരിച്ചുവച്ചിട്ടുണ്ട്. രജിസ്ട്രാർ എന്റെ സുഹൃത്താണ്. വേണ്ടതുപോലെ ഞാൻ ചെയ്തോളാം.” | </p> |
| <p> | അവൾ ജനലിലൂടെ പുറത്തേക്കു കണ്ണയച്ചു. മേഘങ്ങൾ നീലാകാശത്ത് ഇഴഞ്ഞുനീങ്ങുന്നു. മേഘവിടവുകൾക്കിടയിലൂടെ കൂട്ടമായി പറക്കുന്ന പക്ഷികൾ. മെല്ലെമെല്ലെ ഏതോ കരങ്ങൾ തന്നെ സ്പർശിക്കുന്നതുപോലെ. ഏതോ ചുണ്ടുകൾ തന്നെ ഒപ്പുന്നതുപോലെ. ഓമന ഞെട്ടിയുണർന്നു. കസേരയിൽ നിന്നും കുതറിയെഴുന്നേറ്റ് കട്ടിലിൽ വന്നിരുന്നു. രാമാവതാർ മിണ്ടാതെ മുഖംതാഴ്ത്തി ജനലഴികളിൽപ്പിടിച്ച് പുറത്തേക്കു തിരിഞ്ഞുനിന്നു. | </p> |
| | | |
| <p> | കലിയാദേവി കണ്ണുതുറന്നപ്പോൾ ഏറെ ആശ്വാസം തോന്നിയത് ലച്ച്മിക്കാണ്. കബന്ധങ്ങൾ വീണുകിടക്കുന്ന നിരത്തിലൂടെ കാളവണ്ടി ആശുപത്രിയിലേക്കു നീങ്ങിയപ്പോൾ അവളുടെ ശ്രദ്ധ മുഴുവൻ കലിയാദേവിയിലായിരുന്നു. ഗ്രാമത്തെ ആവരണംചെയ്ത പുകയിൽ മനുഷ്യമാംസം കരിഞ്ഞ രൂക്ഷഗന്ധമുണ്ടായിരുന്നു. നാട്ടുപാത പിന്നിടുമ്പോൾ ദുർഗ്ഗന്ധം നേർത്തുനേർത്തു വന്നു. വണ്ടിയിലുള്ളവർ അവളെ ആശ്വസിപ്പിക്കുംമട്ടിൽ പറഞ്ഞു: | </p> |
| <p> | “നിനക്ക് ഞങ്ങളെ മനസ്സിലായില്ല, അല്ലേ? നിന്റെ വല്യയജമാനത്തിയുടെ ബന്ധുക്കളാണ് ഞങ്ങൾ. ഒന്നുകൊണ്ടും പേടിക്കേണ്ട.” | </p> |
| <p> | കുടമണിശബ്ദം ഒന്നു പലതായി മാറുന്നതായി കലിയാദേവിക്കു തോന്നി. പരൌഘം മണികൾ കർണ്ണപടത്തിൽ വന്നു കിലുങ്ങുന്നതുപോലെ. ഹിമാദ്രി ശരീരത്തിലേക്ക് ഇടിഞ്ഞുവീഴുന്നു. പെട്ടെന്ന് അവൾ നിശ്ചലയായി. | </p> |
| <p> | ബോധമറ്റ കലിയാദേവിയെ പൊക്കിയെടുത്ത് ആശുപത്രിക്കട്ടിലിൽ കിടത്തി. സൂചികയറ്റിയ അവളുടെ കൈത്തണ്ട ലച്ച്മി ഉറ്റുനോക്കിക്കൊണ്ടിരുന്നു. ഉച്ചതിരിഞ്ഞ് കലിയാദേവി കണ്ണുതുറന്നു. അവൾ ലച്ച്മിയുടെ മുഖത്ത് തുറിച്ചു നോക്കി. ലച്ച്മി പൊട്ടിക്കരഞ്ഞു; ഒപ്പം കലിയയും. | </p> |
| <p> | അന്നു രാത്രി കലിയാദേവിയുടെ അച്ഛനും അമ്മയും ആശുപത്രിയിലെത്തി. അവൾക്ക് ആശ്വാസമായി. മുറിവിൽനിന്നും | </p> |

| | | |
|---|---|---|
| | ഉണർന്ന വേദന അവൾ കാര്യമാക്കിയില്ല. എന്നാൽ മനസ്സിന്റെ വേദന ശമിക്കാതെ കിടന്നു. ആറാംദിവസം അവൾ അമ്മയുടെ തോളിൽ കൈപിടിച്ച് മെല്ലെ മെല്ലെ നടന്ന് ആശുപത്രിവരാന്തയിൽ വന്നിരുന്നു. ആകാശം നിറയെ ചിതറിയിട്ട വെള്ളിമേഘക്കൂട്ടമായിരുന്നു. | |
| <p> | കലിയാദേവി ആശുപത്രിവിട്ടു. അന്ന് അവളുടെ അച്ഛൻ കുതിരവണ്ടിയുമായി വന്നു. അവൾ വണ്ടിയിലേക്കു നടന്നുനീങ്ങവേ ഒരു സ്ത്രീ അലറിനിലവിളിച്ചുകൊണ്ട് തൂണിൽ ശിരസ്സിട്ടടിക്കുന്നതു കണ്ടു. | </p> |
| <p> | “ആരാ അത്?” | </p> |
| <p> | കലിയാദേവി പരിഭ്രമത്തോടെ ലച്ച്മിയോട് പതുക്കെ ചോദിച്ചു. ശങ്കയോടെ ചുറ്റും നോക്കി ലച്ച്മി കലിയയുടെ ചെവിയിൽ അടക്കം പറഞ്ഞു: | </p> |
| <p> | “ജമുനാ....ജമുനാദേവി, പൃഥീധർ സിംഗിന്റെ ഭാര്യ. അവൾക്കിപ്പോൾ ഭ്രാന്താണ്, ഭ്രാന്ത്.” | </p> |
| <p> | വണ്ടി നീങ്ങി കുളമ്പടി ദ്രുതഗതിയിലായി. കുഞ്ചിരോമം കുലുക്കി മണികെട്ടിയ കറുത്ത കുതിരകൾ അസ്ത്രവേഗത്തിൽ പാഞ്ഞു. പട്ടണം പിന്നിട്ടു. മനസ്സിൽ ആശങ്ക നാമ്പിട്ടു. താനിനി എങ്ങോട്ടാണ്? ഓ എവിടെയായാലും അച്ഛനും അമ്മയും കൂടെയുണ്ടല്ലോ. | </p> |
| <p> | കാണാത്ത ഗ്രാമങ്ങൾ. അറിയാത്ത മനുഷ്യർ. പച്ചപ്പ് പരന്ന വയലുകൾ. ഉച്ചിയിൽനിന്ന് സൂര്യൻ പടിഞ്ഞാട്ടു ചാഞ്ഞു. ആലസ്യമാർന്ന കാറ്റ് പടിഞ്ഞാറുനിന്നും ഊതി. കലിയാദേവി അമ്മയുടെ ദേഹത്തേക്കു ചാഞ്ഞു. | </p> |
| <p> | അവൾ ഞെട്ടിയുണർന്നു. അമ്മ തന്നെ തട്ടിയുണർത്തിയതാണ്. അച്ഛനും അമ്മയും ലച്ച്മിയും അടുത്തുതന്നെയുണ്ട്. അപരിചിതമായ ഏതോ ഒരു ഇടമായി അവൾക്കു തോന്നി. പെട്ടന്ന് സ്ഥലകാലബോധമുണ്ടായി. താൻ ജനിച്ചു വളർന്ന വീട്. സായന്തനത്തിലെ ഇളം വെയിൽ ഭൂമിയെ തഴുകിക്കിടക്കുന്നു. ദൂരെ വയലുകളിൽ പച്ചച്ച നാമ്പുകൾ എടുത്തുകാണാം. മേച്ചിൽപ്പുറങ്ങളിൽ പോത്തുകൾ മേയുന്നു. പൈക്കൾ നിലവിളിക്കുന്നു. വീടിന്റെ തിണ്ണയിലേക്ക് കാലെടുത്തുവച്ച ഉടനെ ഉഷ്ണിച്ച മനസ്സിലേക്ക് തണുവൂറിയെത്തി. വിബുധ ഒഴുകി. | </p> |
| <p> | തന്റെ മാളിക. സ്വന്തം മുറി. എല്ലാം തന്റേതാണ്. പക്ഷേ, ജ്യേഷ്ഠന്മാർ! അവരുടെ നിഴലുപോലെ ഭാര്യമാർ. സ്വന്തം വീട്ടിൽ തന്നെ തുറിച്ചുനോക്കുന്ന കണ്ണുകൾ. കലിയാദേവി തന്റെ പഴയ മുറിയിൽ കയറി കതകടച്ചു കിടന്നു. സന്ധ്യയ്ക്ക് അമ്മ വന്നു വാതിൽ മുട്ടിവിളിച്ചു; കൂടെ ലച്ച്മിയും. ലച്ച്മി ഏറെ നല്ല കാര്യങ്ങൾ സ്നേഹത്തോടെ പറഞ്ഞ് അവളുടെ അടുത്തിരുന്നു. | </p> |
| <p> | ഒരുദിവസം അച്ഛന്റെ മുറിയിലേക്ക് ലച്ച്മി കടന്നുപോകുന്നതു കണ്ടു. സമയം കഴിഞ്ഞിട്ടും ലച്ച്മി തിരിച്ചുവന്നില്ല. കലിയാദേവി ജനലരുകിലെത്തിയപ്പോൾ അച്ഛൻ പറയുന്നതു കേട്ടു. | </p> |
| <p> | “ഇത് നിന്റെ സ്വന്തം വീടാണെന്നു കരുതണം. മോൾടെ അച്ഛൻ നന്ദ് കിഷോർ സിംഗ്- ആ വലിയ മനുഷ്യന്റെ രൂപവും ഭാവവും | </p> |

| | | |
|---|---|---|
| | എല്ലാം ഇന്നും എന്റെ മനസ്സിൽ നിറഞ്ഞുനില്പാണ്. ഞാൻ നിന്നെ കണക്കാക്കുന്നത് കലിയദേവിയെപ്പോലെതന്നെയാണ്.” | |
| <p> | ഇന്നലെവരെ ദാസിയായ അവൾ ഇന്ന് തന്റെ സഹോദരിയാവുക. കലിയയ്ക്ക് പെട്ടന്നു ദേഷ്യം വന്നു. തന്റെ വീട്ടിൽനിന്ന് ഇവളെ ഇപ്പോൾ ആട്ടിയിറക്കണം. പക്ഷേ അച്ഛൻ? | </p> |
| <p> | ലച്ച്മിയെ ആദ്യം കണ്ട രംഗം ഓർത്തു. നിറംമങ്ങിയ ചേലയ്ക്കുള്ളിൽ ശരീരത്തിന്റെ സൗന്ദര്യവും മനസ്സിന്റെ കാന്തിയും തെളിഞ്ഞുനിന്നു. കണ്ണുകളിൽ ജീവിതത്തിന്റെ ആസക്തി ഉറങ്ങിക്കിടക്കും പോലെ തോന്നി. | </p> |
| | | |
| <p> | നല്ല വേനൽ. ഉച്ചവീണ സമയം ഗംഗാനദിയുടെ ഓളമടക്കുകൾക്കിടയിൽനിന്ന് തണുവ്കാറ്റൂതി. പാപപങ്കിലമായ മനസ്സിൽ ആത്മനിർവൃതി കോരിവിതറും പോലെ ഇന്ദ്രജിത്തിനു തോന്നി. | </p> |
| <p> | ഗംഗയ്ക്കരുകിൽ അട്ടിയിട്ട മുളകൾ. മുളയട്ടികൾക്കരികിൽ കാവൽമാടം. ഇതിനുള്ളിൽ എന്നും ആളുണ്ടാവും. മുളപ്പണിക്കാരും തോണിക്കാരും അട്ടിയിട്ട മുളകൾക്കുമേലെ പലപ്പോഴും കാണും. ഇവർ ഗംഗയിൽ വെള്ളമെടുത്ത് സത്വ കലക്കി കഴിക്കുന്നതും കൊയ്നി ഉള്ളം കൈയിലിട്ടു രസിക്കുന്നതും കിടന്നുറങ്ങുന്നതും ഇന്ദ്രജിത്ത്സിംഗ് നോക്കിയിരുന്നു. ഭാംഗിന്റെ മയക്കം പലരുടെയും കണ്ണുകളിൽ തെളിഞ്ഞുകണ്ടു. റിക്ഷ വലിക്കുന്നവർ ആരും ഇവിടെ വന്നിരിക്കാറില്ല. അവരെ റെയിൽവേസ്റ്റേഷനിലോ ജഹാജ്ഘട്ടിലോ ഗാന്ധിമൈതാനത്തോ വഴിയോരത്തോ കണ്ടെത്താം. റിക്ഷാത്തൊഴിലാളികളായി മുളക്കെട്ടുകൾക്കു മേലെ ഇരുക്കാറുള്ളത് ഇന്ദ്രജിത്ത് സിംഗും കാലുസിംഗും മാത്രമാണ്. | </p> |
| <p> | മുളമാടത്തിനു മുന്നിലൂടെ ബാൻസ്ഘട്ട് റോഡ് നീളുന്നു. അപ്പുറം കാസിഖാന്റെ ഹോട്ടൽ. തോണിക്കാരും മുളത്തൊഴിലാളികളും കാസിഖാന്റെ കടയിലെ പറ്റുകാരാണെങ്കിലും ഇന്ദ്രജിത്ത് അവരോട് അടുത്തിടപഴകിയില്ല. പരിചയം ഒരു കുശലത്തിൽ തുടങ്ങി ഒരു ചോദ്യത്തിൽനിന്ന് പല ചോദ്യങ്ങളിലേക്കു പടരുമ്പോൾ ഒരു കുറ്റവാളിയായ തന്നെ പിടികൂടുമെന്ന് അവൻ ഭയപ്പെട്ടു. കാസിഖാൻ അവർക്കുചുറ്റും ഒരു സാമൂഹ്യ സുരക്ഷിതത്വമായി മാറി. | </p> |
| <p> | മുളയട്ടികൾക്കു മേലെ ഒഴിവുസമയങ്ങളിൽ അവർ വന്നിരുന്നു. മുളം തണ്ടു മണക്കുമ്പോൾ നിരത്തിലെ പെട്രോളിന്റെ രൂക്ഷഗന്ധത്തിൽ നിന്നും വിടുതൽ നേടി ഒരു ഗ്രാമാനുഭൂതി. മുളന്തണ്ടുകൾക്കു മേലെ ഇരുന്നു നോക്കിയാൽ നീണ്ടുപരന്നൊഴുകുന്ന ഗംഗ. അത് അനേകം കൈകളാൽ തന്നെ തഴുകി സാന്ത്വനിപ്പിക്കുംപോലെ ഇന്ദ്രജിത്തിനു തോന്നി. ഒഴുകുന്ന ഗംഗയുടെ തണുവാർന്ന കൈത്തലം ഓർമ്മകൾ ഉണർത്തി. | </p> |
| <p> | അന്നു രാത്രി പർതാപ്സിംഗിനെ അന്വേഷിച്ച് ഗാന്ധിമൈതാനം മുഴുവൻ പരതി. എങ്ങും കണ്ടില്ല. ഇന്ദ്രജിത്തിന്റെ മനസ്സിൽ വാശി കുടിയേറി. തന്നെ ധിക്കരിച്ചുപോയവൻ തനിയെ | </p> |

| | | |
|---|---|---|
| | തിരിച്ചുവരട്ടെ. കാസിഖാന്റെ കടയുടെ ഓരത്ത് അന്നു രാത്രി ഇരുവരും കിടന്നുറങ്ങി. | |
| <p> | നേരം വെളുത്തിട്ടും അവർ ഉണർന്നില്ല. രാവിലെ ആരോ മെല്ലെ ഉണർത്തി. ദിവ്യാത്മാവിനെപ്പോലെ നില്ക്കുന്നു കാസിഖാൻ. | </p> |
| <p> | സ്വന്തം കൈകൊണ്ട് കാസിഖാൻ അവർക്കു പ്രാതൽ വിളമ്പിക്കൊടുത്തു. എല്ലാം വിസ്തരിച്ചു ചോദിക്കുമെന്ന് ഇന്ദ്രജിത്ത് ഭയന്നു. ആഹാരം കഴിച്ചുകൊണ്ടിരിക്കെ നരച്ച താടി തടവിക്കൊണ്ട് കാസിഖാൻ വെറുതെ കുശലം ചോദിച്ചു: | </p> |
| <p> | “പണിയൊന്നും തരപ്പെട്ടില്ലേ?” | </p> |
| <p> | കച്ചോടി ചവച്ചുകൊണ്ട് ഇന്ദ്രജിത്ത് പറഞ്ഞു: | </p> |
| <p> | “ഇല്ല.” | </p> |
| <p> | “റിക്ഷചവിട്ടാൻ അറിയോ?” | </p> |
| <p> | കാലു സിംഗ് ചാടിപ്പറഞ്ഞു: | </p> |
| <p> | “അറിയാം.” | </p> |
| <p> | പിറകെ ഇന്ദ്രജിത്ത് തലകുലുക്കി. പല്ലുകളില്ലാത്ത വായിൽനിന്ന് ചതഞ്ഞ അക്ഷരങ്ങളിൽ കാസിഖാൻ സാവകാശം പറഞ്ഞു: | </p> |
| <p> | “വ്യസനിക്കേണ്ട. ഒക്കെ തരാക്കിത്തരാം.” | </p> |
| <p> | പിറ്റേന്നു വെളുപ്പിന് കാസിഖാൻതന്നെ ഇരുവരെയും ഉണർത്തിക്കൊണ്ടു പറഞ്ഞു: | </p> |
| <p> | “കിഴക്കോട്ടു നടന്ന് സ്നാൻഘട്ടിൽ പോയി കുളിച്ച് ഭഗവാനെ തൊഴുതു വരൂ....” | </p> |
| <p> | കടുകെണ്ണയുടെ കുപ്പി നീട്ടിക്കൊണ്ട് കാസിഖാൻ പറഞ്ഞു: | </p> |
| <p> | “എല്ലാ ദൈവങ്ങളും ഒന്നാണ്.” | </p> |
| <p> | ഇരുവരും സ്നാൻഘട്ടിലെത്തി. കിഴക്ക് സൂര്യൻ താപവർണ്ണത്തിൽ മുളയെടുത്തു. ഇരുട്ടിൽ ചുവപ്പിന്റെ പ്രഭാവം. താഴെ ഉണരാൻ വെമ്പുന്ന ഗംഗ. ഘട്ടിൽ കുറെപ്പേർ കുളിക്കുന്നുണ്ടായിരുന്നു. | </p> |
| <p> | ഇരുവരും ദേഹം മുഴുവൻ കടുകെണ്ണ തടവി സ്നാൻഘട്ടിന്റെ കല്പടവുകളിലിരുന്നു. മുന്നിൽ ഗംഗ ഉണർന്നു. കുളിയിടങ്ങളിൽ ജലമിളകി. ഇരുട്ടിൽനിന്ന് ജ്വാലവർണ്ണത്തിൽ മെല്ലെ മെല്ലെ സൂര്യൻ ഗംഗയിലേക്കു നടന്നിറങ്ങി. ഗംഗ തിളങ്ങി. ഇരുവരും പടവുകളിറങ്ങി ഗംഗയിൽ മുങ്ങി. ശരീരം നിറയെ തണുപ്പുകയറി. | </p> |
| <p> | അന്നു സന്ധ്യയ്ക്ക് റിക്ഷചവിട്ടിയ പണവുമായി കടയിൽ മടങ്ങിയെത്തി. പണം മുഴുവൻ കാസിഖാനെ ഏല്പിച്ചു. അദ്ദേഹം പെട്ടിയിൽനിന്ന് രണ്ടു പുസ്തകം പുറത്തെടുത്തു. ഒരു പുസ്തകത്തിൽ അന്നു റിക്ഷ വലിച്ചു കിട്ടിയ പണത്തിന്റെ കണക്കെഴുതി. | </p> |
| | | |
| <p> | തന്റെ ചലനത്തിന്റെ ഓരോ അംശത്തിലും അവളുണ്ട്. രൂപാദേവി. എത്ര അടർത്തിയിട്ടും കൊഴിയാത്ത ബന്ധം. | </p> |
| <p> | അന്ന് മുജഫർപ്പൂർ ചുറ്റിക്കാണാൻ പുറപ്പെട്ട കാമസുഗന്ധം വിരിഞ്ഞു. റിക്ഷ ചുവന്ന ഗലിയിൽ കൊണ്ടുപോയി നിറുത്തി. നിരനിരയായി ചേർത്തു പണിത മാളികകളിൽ ഗണികകൾ | |

| | | |
|---|---|---|
| | പാർക്കുന്നു. | |
| <p> | പോയ്മറഞ്ഞ രാജപ്രതാപത്തിന്റെ ജീർണ്ണിച്ച അവശിഷ്ടം അറിയിച്ചുകൊണ്ട് മാളികകൾ ഉയർന്നു നില്ക്കുന്നു. അവ മാദകപ്പൂക്കൾ പോലെ ഇന്ദ്രജിത്തിനു തോന്നി. | </p> |
| <p> | നിരത്തിൽ കെട്ടിയുയർത്തിയ രാജകീയ കമാനങ്ങൾ. റിക്ഷാക്കാരൻ കിതച്ചുകൊണ്ട് മാളികപ്പടി കയറി തന്നെ അകത്തേക്കു ക്ഷണിച്ചു. | </p> |
| <p> | പഴയ അലങ്കാരങ്ങൾ വിതാനിച്ച വലിയ മുറി. തനിക്കു മുന്നിൽ ദേവദാസികൾ നിരന്നു. എല്ലാ കണ്ണുകളും തന്നെ ഇക്കിളിപ്പെടുത്തും പോലെ. ഒറ്റനോട്ടത്തിൽ ഒരുവൾ മനസ്സിൽ പതിഞ്ഞു. അവളെ അവൻ ഒരു പൂർവ്വബന്ധംപോലെ തിരിച്ചറിഞ്ഞു. രൂപാദേവി. | </p> |
| <p> | ചന്ദനനിറത്തിൽ നീലക്കണ്ണുകൾ പാകിയ മുഖം. തുടുത്ത കൊച്ചു മുഖത്തിനു പിന്നിൽ കറുത്ത ഇഴപിരിഞ്ഞ തലമുടി. മൃദുലതയാർന്ന ചന്ദനപാദത്തിൽ തടവിക്കൊണ്ട് ഇന്ദ്രജിത്ത് പറഞ്ഞു: | </p> |
| <p> | “ഈ ജന്മം എനിക്ക് നിന്നെ പിരിയാൻ കഴിയില്ല.” | </p> |
| <p> | പിറ്റേന്നും പിറ്റേന്നും അവൻ അവളെ തേടിയെത്തി. | </p> |
| <p> | മൂന്നാം ദിവസം രാത്രി ഓം പർതാപ് സിംഗ് അവനെ വിളിച്ചു. ഒരു ഭൂപടം മുന്നിൽ നിവർത്തിയിട്ടു. അതിൽ തൊട്ടുതൊട്ടു കാണിച്ചു. നാമിപ്പോൾ നില്ക്കുന്നത് ഇവിടെ. മുജഫർപ്പൂർ. കിഴക്കോട്ടു സഞ്ചരിച്ചാൽ ദർഭംഗ. മധുബനി വഴി കാഠ്മണ്ഡുവിൽ എത്തണം. തിരിച്ച് നിർദ്ദേശം കിട്ടിയാൽ ദർഭംഗയിൽ എത്തി അവിടെനിന്ന് കട്ടിഹാർ വഴി കിഴക്ക് സിലിഗുരിക്കു പോവണം. | </p> |
| <p> | വീണ്ടും ദർഭംഗയെ ചൂണ്ടി ഓം പർതാപ് സിംഗ് പറഞ്ഞു. ദരിഭംഗയിൽ നിന്ന് ബറൌണി വഴി ഗയ കടന്ന് ധൻബാദിലെത്തണം. ഇടയ്ക്ക് ഏതെങ്കിലും ഒരു വഴിയിൽനിന്ന് കൽക്കത്തയ്ക്കു പോവേണ്ടിവരും. | </p> |
| <p> | അന്നു രാത്രി ഓം പർതാപ് സിംഗ് കൂട്ടിവിട്ട ഒരുവന്റെകൂടെ ദർഭംഗയിൽ എത്തി. പതുക്കെ കാര്യങ്ങൾ വ്യക്തമായി. താനിന്ന് കാംദേവ് സിംഗിന്റെ മാഫിയ സംഘത്തിലാണ്. അമ്പരപ്പോ പരിഭ്രാന്തിയോ തോന്നിയില്ല. എങ്ങനെയും കുറെ ധനം സമ്പാദിച്ച് രൂപാദേവിയുമായി നാടുവിടണം. | </p> |
| <p> | വെടിയൊച്ചകൾ കാതിൽ കേൾക്കാത്ത ദിവസമില്ല. മോട്ടോർ വാഹനങ്ങളുടെ നിർത്താത്ത ഇരമ്പം. പോലീസിനു കോഴകൊടുത്തും കടത്തിവെട്ടിയും കടന്നാക്രമിച്ചും യാത്ര തുടർന്നു. | </p> |
| <p> | വിശ്രമദിവസം ലഹരിയ സാരായിയിൽ താമസിക്കണം. കമൽമന്ദിർ. ഈ മാളികനിറയെ രൂപാദേവിക്കുവേണ്ടി നെയ്ത സ്വപ്നങ്ങളാണ്. | </p> |
| <p> | വേനലിൽ അതിരുകളിൽ ഗോന്താപ്പൂക്കൾ രക്തവർണ്ണത്തിൽ വിടർന്നു. അകലെയോരങ്ങളിൽ പച്ചച്ച ഇലകൾ പേറിയ കുറ്റി മരങ്ങൾ. കുറ്റിമരക്കൊമ്പുകളിൽ വയലറ്റു പൂക്കൾ പുറ്റുപോലെ | </p> |

| | | |
|---|---|---|
| | തൂങ്ങിക്കിടന്നു. ഉതിർന്ന പൂക്കൾപോലെ വെയിൽ കമൽമന്ദിറിനു ചുറ്റും പരന്നുകിടന്നു. | |
| <p> | ഓരോ പുറപ്പാടും ഇന്ദ്രജിത്തിന് ഓരോ യുദ്ധമായിരുന്നു. കാംദേവ് സിംഗിന്റെ മാഫിയ സംഘത്തോട് കൂറു തെളിയിച്ചു പുറപ്പാട്. തന്നെ ഏല്പിച്ച ഉത്തരവാദിത്വം മുഴുവൻ നിർവ്വഹിച്ചു. | </p> |
| <p> | ഒരിക്കൽ ബറൗണിയിൽ ബോധ്ഗയ വഴി ധൻബാദിലേക്കു പോകവെ ഒരു ദിവസത്തെ ഒഴിവു കിട്ടി. ഗയ പട്ടണത്തിൽ തേക്കരി റോയിനരികിലെ ഒരു ഹോട്ടലിൽ അന്ന് അവൻ താമസിച്ചു. അവന്റെ മനസ്സിൽ പെട്ടെന്ന് ഒരു ആശയം ഉദിച്ചു. ഗയയ്ക്കടുത്ത് ഫൽഗുനദിക്കരയിലെ ഗ്രാമത്തിലാണ് കലിയാദേവിയുടെ താമസം. കുറെ പണം വേണം. മറ്റൊന്നും പിന്നെ അവൻ ആലോചിച്ചില്ല. | </p> |
| | | |
| <p> | മനസ്സിൽ അന്ധകാരം ഉരുണ്ടുകൂടി അണപൊട്ടി വന്നു വീണു നിറയും പോലെ. എല്ലാ ഓർമ്മകൾക്കും ദുഃഖച്ചുവയായിരുന്നു. ഇരുൾ ചിറകുവിരിച്ച വിഷാദശലഭങ്ങൾ കൂർത്ത മുനവെച്ച് മനസ്സിനെ കുത്തിനോവിക്കും പോലെ. ഏതോ പാതിരാവിൽ ഒന്നു മയങ്ങി. ഉണരുമ്പോൾ നേരം ഏറെ പുലർന്നിരുന്നു. എഴുന്നേറ്റ് കട്ടിലിൽ കുറെയേറേ സമയം വെറുതെ ഇരുന്നു. | </p> |
| <p> | ഈ ഭൂമിയിൽ താൻ ഏകയെന്ന് കലിയാദേവിക്കു തോന്നി. വരാന്തകളിലും ഇടനാഴികയിലും ആരുടെയും കാല്പെരുമാറ്റം കേൾക്കുന്നില്ല. എല്ലാവരും പുറത്തിറങ്ങി പൊയ്ക്കാണും. ഇതൊരു ഭൂതബംഗ്ലാവാണ്. ദേഹം വല്ലാതെ നോവുന്നു. തലനാരിഴമുതൽ പെരുവിരൽവരെ നീരുവീഴ്ച തോന്നുന്നു. പക്ഷേ ഹൃദയത്തിൽ കൊണ്ട വിഷമത്തിനു മുന്നിൽ ഇതൊരു വേദനയായി തോന്നുന്നില്ല. | </p> |
| <p> | അവൾ അടുക്കളയിലേക്കു നടന്നു. യാന്ത്രികമായി എന്തൊക്കെയോ ചെയ്തു. മനസ്സിൽ ഒരേയൊരു ചിന്ത. ഗംഗയോരത്തെ കപടവും വന്യവുമായ ഈ കൂടുവിട്ടു പറക്കണം. ഹിമശൈത്യത്തിനിടയിലെ ജ്വലിക്കുന്ന ഒരുതരി അഗ്നിയായി. ഈ വിചാരം അവളിൽ കടന്നുകൂടി. | </p> |
| <p> | ധൃതിയിൽ വസ്ത്രം മാറി പുറത്തേക്കിറങ്ങി. തെരുവിലൂടെ നടന്നുനീങ്ങുമ്പോൾ സുപരിചിതരായ മനുഷ്യർ അധികവും തെരുവിലെ ദരിദ്രർ. അവർ അവൾക്കുനേരെ നിർമ്മലമായി പുഞ്ചിരിച്ചു. പക്ഷേ എല്ലാ ലോകവും വന്യവും കപടവുമായി അവൾക്കു തോന്നി. | </p> |
| <p> | നടന്ന് അശോക് രാജ്പഥിലെത്തിയപ്പോൾ നല്ല വിശപ്പു തോന്നി. | </p> |
| <p> | മനസ്സിൽ ഒരു തീപ്പൊരി അഗ്നി പടർത്തി. ഈ നാടുവിട്ട് എവിടെയെങ്കിലും പോകണം. ഒരു റിക്ഷപിടിച്ച് അവൾ തീവണ്ടിസ്റ്റേഷനിലേക്കു പുറപ്പെട്ടു. വഴിയോരങ്ങൾ പോയകാല ഓർമ്മകളെ കുത്തി ഉണർത്തി വിട്ടു. | </p> |
| <p> | ഗാന്ധിമൈതാനം കഴിഞ്ഞ് ഫ്രെയ്സർ റോഡിലൂടെ തെക്കോട്ടു നീങ്ങവെ വിശപ്പ് അധികരിച്ചു. എന്തെങ്കിലും ഭക്ഷണം | </p> |

| | | |
|---|---|---|
| | കഴിക്കണം. അവൾ റിക്ഷ നിർത്തി റിക്ഷാക്കാരനെ മടക്കിയയച്ചു. ഗോവണിപ്പടി കയറി മുകളിലെ മലയാളിഹോട്ടലിൽ കയറി വയറുനിറയെ ആഹാരം കഴിച്ചു. | |
| <p> | വീണ്ടും മറ്റൊരു റിക്ഷയിൽ കയറി തീവണ്ടിസ്റ്റേഷനിൽ എത്തി. സ്റ്റേഷൻ വരാന്തയിൽ എഴുതിവച്ച തീവണ്ടി സമയവിവരപ്പട്ടിക ഹൃദിസ്ഥമാക്കി മടങ്ങി. | </p> |
| <p> | മനസ്സിൽ ഓടുന്ന ആവിയന്ത്രം. ഒരേയൊരു ലക്ഷ്യം കൽക്കത്ത. അവിടെ തന്റെ ഒപ്പം പഠിച്ചിരുന്ന മൂന്നു ഡോക്ടർമാരുണ്ട്. അവരിൽ കൂടുതൽ അടുപ്പം യാമിനിചക്രവർത്തിയോടായിരുന്നു. ഇടയ്ക്കൊക്കെ കത്തിടുപാടുണ്ട്. | </p> |
| <p> | സ്റ്റേഷനിൽ നിന്ന് അവൾ ബാങ്കിലെത്തി. അക്കൌണ്ടിൽനിന്നു രണ്ടായിരം ഉറുപ്പിക പിൻവലിച്ചു. ഇനി തന്റെ പഴയ ഹോസ്റ്റൽ വരെ പോകണം. ഓമനയുമായി താൻ ചിലവഴിച്ച സ്നേഹമസൃണമായ നിമിഷങ്ങൾക്കു സാക്ഷ്യംവഹിച്ച ഗംഗയോരത്തെ കല്പടവിൽ ഒന്നുപോയിരിക്കണം. പറ്റുമെങ്കിൽ കുറെ ചെമ്പകപ്പൂക്കൾ പെറുക്കണം. | </p> |
| <p> | മനസ്സ് അഗ്നികയറിയ ആവിയന്ത്രംപോലെ പ്രവർത്തിച്ചു. അവൾ ഹോസ്റ്റലിൽ എത്തി മേട്രനെ കണ്ടു സംസാരിച്ചു. പഴയ മേട്രൻ റിട്ടയർ ചെയ്തു. ഇപ്പോൾ പുതിയവരാണ്. വളരെ സരസമായി സംസാരിക്കുന്ന സ്ത്രീ. കുറേ സമയം അവരുമായി സംസാരിച്ചു. പിന്നെ അവൾ ഏകാകിയായി ഗംഗയോരത്തെത്തി. | </p> |
| <p> | മാർച്ചുമാസത്തിന്റെ തുടക്കം. തണുപ്പുണ്ടെങ്കിലും ഉച്ചവെയിൽ ഇടയ്ക്കിടെ കണ്ണുതുറക്കുന്നുണ്ടായിരുന്നു. മഞ്ഞുപൊതിഞ്ഞു നരച്ച വെൺമേഘങ്ങൾ. ആകാശത്ത് ചിറകുവിരിച്ച് കങ്കങ്ങൾ പറക്കുന്നത് കണ്ടു. | </p> |
| | | |
| <p> | നിരത്തിന് വെടിമരുന്നിൻ ഗന്ധം. കാളവണ്ടിയിലും ലോറിയിലും തീപടർന്നു കത്തുന്നു. കളവണ്ടി നിരത്തിനു പടിഞ്ഞാറുവശം റോഡിലേക്ക് ചാഞ്ഞുകിടപ്പാണ്. കാളകൾ രക്തത്തിൽ കുളിച്ച് പിടയുന്നു. കാളയ്ക്കരികെ രണ്ടുപേർ രക്തം പുരണ്ടു കണ്ടു. തോമസ് നെഞ്ചത്തു കൈവച്ചു--സമീർ--ശബ്ദം പുറത്തേക്കു വരും മുമ്പ് സിവാൻ സിംഗ് ചെവിട്ടിൽ പറഞ്ഞു: | </p> |
| <p> | “മിണ്ടരുത്.” | </p> |
| <p> | ആൾക്കൂട്ടം സമീർ അഹമ്മദിനെയും കാളവണ്ടിക്കാരനേയും പൊക്കിയെടുത്ത് ആശുപത്രിയിലേക്കു കൊണ്ടുപോയി. സംഭവസ്ഥലത്തുനിന്നും നടന്നകലുമ്പോൾ ഒരു വഴിയാത്രക്കാരൻ തോമസിനോടു പറഞ്ഞു: | </p> |
| <p> | “ഞാൻ കണ്ണുകൊണ്ടു കണ്ടതാ. വണ്ടിയിൽ നാലുപേരുണ്ടായിരുന്നു. ലോറി കാളവണ്ടിയിൽ ഇടിച്ചതും രണ്ടുപേർ പടിഞ്ഞാറെ ചരിവിലേക്ക് ചാടി.” | </p> |
| <p> | “നിങ്ങൾ കണ്ടോ?” | </p> |
| <p> | “അതെ, ചരുവിൽനിന്ന് താഴെ തെറിച്ച് ദൂരേക്ക് ഓടി മറയുന്നതു കണ്ടു.” | </p> |
| <p> | സിവാൻസിംഗ് ഒരു ഗലിയിലേക്കു പ്രവേശിക്കുന്ന വഴി ചൂണ്ടി | </p> |

| | | |
|---|---|---|
| | പറഞ്ഞു: | |
| <p> | “നമുക്കിതിലെ ഇവിടെനിന്നും ഒഴിയാം.” | </p> |
| <p> | ചമക്ലാൽ മുമ്പെ നടന്നു; പിറകെ ഇരുവരും. കാലും മുഖവും കഴുകി. സമൃദ്ധമായി ആഹാരം കഴിച്ചു. വല്ലാത്ത ക്ഷീണം. ഒന്നു കണ്ണടച്ചുറങ്ങിയാൽ കൊള്ളാമെന്ന് തോമസിനു തോന്നി. ചമക്ലാൽ പറഞ്ഞു: | </p> |
| <p> | “നമുക്കിനി രാത്രിയാവാൻ കാത്തിരിക്കേണ്ടേ? നല്ല ക്ഷീണം. ഒന്നു കിടന്നാൽ കൊള്ളാം.” | </p> |
| <p> | ടൗൺഹാളിനു മുന്നിലെത്തി. ഹാളിനു ചുറ്റുമുള്ള തിണ്ണയിൽ കുറെ തൊഴിലാളികൾ കിടന്നുറങ്ങുന്നതു കണ്ടു. അവർക്കിടയിൽ അവർ തലചായ്ച്ചു. | </p> |
| <p> | ഉറക്കമുണർന്ന് തോമസ് എഴുന്നേറ്റിരുന്നു. ചുറ്റുപാടും നോക്കി. സിവാൻസിംഗും ചമക്ലാലും നല്ല ഉറക്കമാണ്. തനിക്കു ചുറ്റും കിടന്നിരുന്ന തൊഴിലാളികളിൽ ചിലർ ഉണർന്നെഴുന്നേറ്റു പോയിരുന്നു. പുറത്തെ വെയിൽ ചാഞ്ഞു തീരാറായി. അടുത്ത തട്ടുകടയിലെ സമൂസ പൊരിക്കുന്ന ഗന്ധം അവന്റെ നാവിൽ രുചി പടർത്തി. | </p> |
| <p> | ടൗൺ ഹാളിനു മുന്നിലൂടെ ആൾക്കൂട്ടം കടന്നു പോവുന്നതു കണ്ടു. അവർക്കിടയിലൂടെ സൈക്കിൾ റിക്ഷകൾ മണിയടിച്ചും ഹോറൻ മുഴക്കിയും നീങ്ങുന്നു. അരയാലിനു മുകളിൽ കഴുകൻ വട്ടമിട്ടുപറക്കുന്നു. നീലച്ച ആകാശത്ത് അങ്ങിങ്ങു ചതഞ്ഞു വെളുത്ത മേഘങ്ങൾക്ക് രക്തച്ഛവിയുണ്ടായിരുന്നു. നിരത്തിൽ തിരക്ക് ഏറി വന്നു. | </p> |
| <p> | താൻ കണ്ട രംഗം മനസ്സിനു മറക്കാൻ കഴിയുന്നില്ല. പെട്രോളിന്റെയും വെടിമരുന്നിന്റെയും ഗന്ധം. ചോരയിൽ കുതിർന്ന നെഞ്ചുമായി കൈകാലിട്ടടിക്കുന്ന സമീർ അഹമ്മദ്. കിഷൻ പ്രസാദ് ശുക്ല എവിടെ? അനാമിക് എവിടെ? തലയ്ക്കുള്ളിൽ നിന്ന് ഇനിയും ഉറക്കത്തിന്റെ ഭാരം വിട്ടൊഴിഞ്ഞിട്ടില്ല. അല്ല താൻ കണ്ട കാഴ്ചയുടെ മരവിപ്പാണോ? എന്തൊക്കെയായലും ഒരു വല്ലായ്മ. മരവിക്കൽ. എങ്ങനെയെങ്കിലും അത് അകറ്റണം. | </p> |
| | | |
| <p> | പിറ്റേന്ന് നാലുപേരും ഉടുത്തൊരുങ്ങി പ്രാതൽ കഴിച്ചുകൊണ്ടിരിക്കെ ചമക്ലാൽ പറഞ്ഞു: | </p> |
| <p> | “നമുക്ക് തീവണ്ടിയിൽ പോയാലെന്താ?” | </p> |
| <p> | “അതിലുമെളുപ്പം കപ്പലിൽ ഗംഗ കടന്നു പോകുന്നതല്ലേ?” | </p> |
| <p> | “ട്രെയിനിൽ നമുക്കല്പം അഡ്വെഞ്ചറിസ്റ്റിക് ആയി പോവാം.” | </p> |
| <p> | ചമക്ലാൽ പറഞ്ഞതിനു പിന്നാലെ സിവാൻസിംഗ് പറഞ്ഞു: | </p> |
| <p> | “അതു കൊള്ളാം. തീവണ്ടിയിൽ പോയാൽ അടിയന്തിരാവസ്ഥയിൽ ചുറ്റിയടിച്ച സ്ഥലമൊക്കെ ഒന്നു ചുറ്റിക്കാണാം.” | </p> |
| <p> | “അതിനെവിടുന്നാ പണം.” | </p> |
| <p> | ചമക്ലാൽ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: | </p> |
| <p> | “നാം വിദ്യാർത്ഥികളാണ്. ടിക്കറ്റില്ലാതെ എവിടേം പോവാം.” | </p> |

| | | |
|---|---|---|
| <p> | നാലുപേരും തോൾസഞ്ചി തൂക്കി പട്ന റെയിൽവേസ്റ്റേഷനിലേക്കു നടന്നു. പതിവിലും ഒരു മണിക്കൂർ വൈകി അന്ന് വണ്ടി എത്തി. സ്റ്റേഷനിൽ വണ്ടി പൂർണ്ണമായും നിൽക്കും മുമ്പെ, വണ്ടിയുടെ മുകളിൽ കയറി ഇരുന്നവർ തഞ്ചംനോക്കി പ്ലാറ്റഫോറത്തിലേക്കു ചാടിയിറങ്ങാൻ ശ്രമിച്ചു. വണ്ടി നിന്നതും അവർ കമ്പാർട്ട്മെന്റിന്റെ ജനലഴികളിൽ ചവിട്ടി സ്റ്റേഷനിലേക്ക് ഊർന്നിറങ്ങി. ജണ്ഡുവും, ചമക്‌ലാലും അതെ അഴികളിൽ ചവിട്ടി വണ്ടിയുടെ മേലെ കയറിനിന്നു കൊണ്ട് വിളിച്ചു: | </p> |
| <p> | "വരൂ.... കോമ്രേഡ്.... വരൂ...." | </p> |
| <p> | തോമസ് ശങ്കിച്ചുനിൽക്കെ സിവാൻസിംഗ് തോൾസഞ്ചി കഴുത്തിൽ ചുറ്റി മേലേക്കു കയറി. തോമസ് മടിച്ചുമടിച്ച് തീവണ്ടിയുടെ മുകളിൽ കയറി ഇരുന്നു. | </p> |
| <p> | "വണ്ടിയുടെ മുകളിൽ കയറി ഇരുന്നു യാത്രചെയ്താൽ നല്ല പ്രാണവായു ശ്വസിക്കാം." | </p> |
| <p> | സിവാൻസിംഗ് പറഞ്ഞുതീർന്ന ഉടനെ റെയിൽപ്പാളത്തെ കിടുക്കിക്കൊണ്ട് വണ്ടി മുന്നോട്ടു കുതിച്ചു. വണ്ടിയുടെ നെറുകയിൽ തള്ളി നിൽക്കുന്ന വൃത്തത്തിൽ തോമസ് പിടിച്ചിരുന്നു. വണ്ടിക്ക് വേഗത കൂടി. | </p> |
| <p> | "മൻ ടീക് ഹോ....." | </p> |
| <p> | സിവാൻ സിംഗ് വിളിച്ചുചോദിച്ചു. | </p> |
| <p> | അല്പം ഭയത്തോടെ തോമസ് മറുപടി പറഞ്ഞു. | </p> |
| <p> | "ഹാ...ഹാ... ടീക് ഹെ..." | </p> |
| <p> | കുതിക്കുന്ന തീവണ്ടിയുടെ എതിർവശത്തേക്ക് ശക്തിയിൽ കാറ്റടിച്ചു. നെഞ്ചിൽ തട്ടിയ കാറ്റിനെ തടയാൻ തോമസ് തിരിഞ്ഞിരുന്നു. പത്തുമിനിറ്റ് യാത്രചെയ്തതോടെ അവൻ പതുക്കെ പരുവപ്പെടാൻ തുടങ്ങി. ഉച്ചയോടെ വണ്ടി ബറൗണിയിൽ എത്തി. നാലുപേരും പ്ലാറ്റ് ഫോമിൽ ചാടിയിറങ്ങി. സ്റ്റേഷനിൽ നിന്നും ആഹാരം വാങ്ങി കഴിച്ചു. വണ്ടിക്കുള്ളിലും പുറത്തും നല്ല തിരക്കാണ്. റെയിൽവെ സ്റ്റേഷൻപരിസരം ചന്തമൈതാനം പോലെ തോന്നി. ഭക്ഷണം കഴിച്ച് ടാപ്പുതുറന്ന് കൈ കഴുകി വെള്ളം കുടിച്ചു. നനഞ്ഞ കൈ പൈജാമയിൽ തുടച്ചു. വീണ്ടും വണ്ടിയുടെ മുകളിൽ കയറി. | </p> |
| <p> | വണ്ടി ഗംഗ മുറിച്ചു കടക്കാൻ പാലത്തിൽ കയറുംമുമ്പ്, മുന്നിലെ കമ്പാർട്ടുമെന്റിനു മുകളിലുള്ള യാത്രക്കാർ ഇരുന്നയിരുപ്പിൽ തല താഴ്ത്തി ബോഗിക്കു മേലെ പതിഞ്ഞു കിടന്നു. ഭയത്തോടെ തോമസും കിടന്നു. ഗംഗയ്ക്കു മേലെ, പാലത്തിലൂടെ വണ്ടി നീങ്ങുമ്പോൾ തോമസ് ഒളികണ്ണിട്ടു മേലേക്കു നോക്കി. പാലത്തിനു മുകളിൽ ഉരുക്കുബാറുകൾ ഘടിപ്പിച്ചിരുന്നു. അന്നു വൈകുന്നേരം വണ്ടി സവസ്തിപ്പൂരെത്തി. | </p> |
| | | |
| <p> | പിറ്റേന്ന് രാവിലെ സുധീർകുമാർ പുറത്തേക്കു പോയി. വളരെ വൈകിയാണ് പർച്ചംദാസ് ഉണർന്നത്. ഉണർന്ന ഉടനെ തോമസ് അവനു ചായ കൊടുത്തു. ചായ കുടിക്കുന്നതിനിടയിൽ പർച്ചംദാസ് പറഞ്ഞു: | </p> |

| | | |
|---|---|---|
| <p> | “ഞാൻ നിന്നെ കാണാൻ വന്നതാ.” | </p> |
| <p> | ചായ കുടിച്ച ഗ്ലാസ്സ് നിലത്തുവച്ച് പർച്ചംദാസ് സഞ്ചിയിൽ നിന്നും അഞ്ച് നോട്ടുപുസ്തകം പുറത്തെടുത്തു. പുസ്തകം തോമസിനുനേരെ നീട്ടിക്കൊണ്ടു പറഞ്ഞു: | </p> |
| <p> | “ഇതെന്റെ കവിതകളാണ്. കഴിയുമെങ്കിൽ ഇതൊന്നു പ്രസിദ്ധീകരിക്കണം.” | </p> |
| <p> | തോമസ് സമ്മതിച്ചു. കുറെക്കഴിഞ്ഞ് അവൻ ചോദിച്ചു: | </p> |
| <p> | “അങ്ങെവിടെയാണ് താമസിക്കുന്നത്?” | </p> |
| <p> | “ഈ ഭൂമിയെല്ലാം എന്റേതല്ലേ തോമസ്. ഇന്ത്യയിൽ ഒരുപാട് ധർമ്മശാലകളുണ്ട്. അവയ്ക്ക് ശാഖകളും ഉപശാഖകളുമായി അനേകം ധർമ്മാലയങ്ങളുണ്ട്. അവയിലൊന്നൊന്നായി ഞാൻ ഊരുചുറ്റുന്നു. ഈ ധർമ്മശാലകളിലധികവും സന്യാസിമാരാണ്. അവരോടു തർക്കിച്ചും സ്നേഹിച്ചും വഴക്കടിച്ചും ഞാനങ്ങനെ കഴിഞ്ഞുപോവുന്നു.” | </p> |
| <p> | മെല്ലെ മെല്ലെ ഉതിർന്നു വീണ ഓരോ വാക്കും തോമസ് ശ്രദ്ധയോടെ പെറുക്കിയെടുത്തു. പർച്ചംദാസ് തുടർന്നു: | </p> |
| <p> | “പിന്നെ എന്റെ ആത്മാവ് ഭാരതീയഗ്രാമം മുഴുവൻ നിറഞ്ഞു നില്ക്കുന്നു. വയൽവരമ്പിലൂടെ കന്നു പൂട്ടി മടങ്ങുന്ന കർഷകനെ കാണുമ്പോൾ, കലപ്പ കാണുമ്പോൾ, ഉടഞ്ഞ മണ്ണു കാണുമ്പോൾ എന്റെ ആത്മാവ് ശാന്തിനേടുന്നു.” | </p> |
| <p> | ഇടയ്ക്കു കയറി അവൻ ചോദിച്ചു: | </p> |
| <p> | “അങ്ങയ്ക്ക് എന്റെകൂടെ താമസിച്ചുകൂടെ?” | </p> |
| <p> | “ഞാൻ ആർക്കും ഒരു ഭാരമാവാൻ ഇടംകൊടുക്കില്ല തോമസ്.” | </p> |
| <p> | അയാൾ ചിരിച്ചുകൊണ്ട് കൂട്ടിച്ചേർത്തു: | </p> |
| <p> | “നേരു പറഞ്ഞാൽ എനിക്കൊരിടത്തും സ്ഥിരമായി തങ്ങാൻ കഴിയില്ല സുഹൃത്തേ. കുറച്ചുദിവസം ഒരിടത്തു താമസിച്ചാൽ പിന്നെ എന്റെ ചിന്ത മുഴുവൻ അവിടെ ഉപേക്ഷിക്കുന്നതിനെക്കുറിച്ചു മാത്രമായിരിക്കും. ഊരുചുറ്റിച്ചുറ്റി ഒരിടത്തും എനിക്ക് സ്ഥിരവാസത്തിന് കഴിയാതെയായി.” | </p> |
| <p> | തോമസ് പർച്ചംദാസിനെത്തന്നെ ശ്രദ്ധിച്ചിരുന്നു. അവൻ തുടർന്നു: | </p> |
| <p> | “നീണ്ടൊഴുകുന്ന ഗംഗാനദി. കൈവഴികൾ പിരിഞ്ഞും ചേർന്നും ആഴിയിലേക്കൊഴുകുന്ന ഗംഗ. ഗംഗ ഒരിടത്തും നില്ക്കാറില്ല. ഗംഗയുടെ പതനം അനന്തമായ സമുദ്രത്തിലെന്നപോലെ എന്റെ ആത്മാവിനെ ശാന്തമാക്കാൻ എന്റെ മരണത്തിനേ കഴിയൂ.” | </p> |
| <p> | തോമസിന് പലതും സംസാരിക്കണം എന്നുണ്ടായിരുന്നു പക്ഷേ വാക്കുകൾ പുറത്തുവന്നില്ല. അന്നുച്ചയ്ക്ക് ഇരുവരും ഭോജനശാലയിൽ നിന്നും ആഹാരംകഴിച്ചു. പിരിയും മുമ്പ് തോമസ് ചോദിച്ചു: | </p> |
| <p> | “ദില്ലിക്കു പോയി സുനീതിനെ കണ്ട് ഞാനിത് പുസ്തകമാക്കും. നമുക്കൊരുമിച്ച് പൊയ്ക്കൂടെ? ” | </p> |
| <p> | “വേണ്ട, ഞാൻ വരുന്നില്ല.” | </p> |
| <p> | “ഇനി എന്നു കാണും?” | </p> |
| <p> | “ഹോലി കഴിഞ്ഞ് ഞാനിതിലെ വരും.” | </p> |
| <p> | പർച്ചംദാസ് തോളിൽ സഞ്ചിയും തൂക്കി ഒരു പ്രേതത്തെപ്പോലെ | </p> |

| | | |
|---|---|---|
| | നടന്നുനീങ്ങി. | |
| <p> | കുറച്ചുദിവസം കഴിഞ്ഞു. ഒരു രാത്രി ഒരു പത്രവാർത്തയുമായി സുധീർകുമാർ കയറിവന്നു. വന്നയുടനെ സഞ്ചിയിൽനിന്നും മടക്കിവച്ച സ്വാധീനത പത്രം പുറത്തെടുത്തു. ചെറിയ വാർത്ത. വളരെ പ്രധാന്യത്തോടെ അവൻ തോമസിനെ വായിച്ചുകേൾപ്പിച്ചു. | </p> |
| <p> | പട്ടിണിമൂലം കവി മരിച്ചു. | </p> |
| <p> | ക്രാന്തിവാദി, ലോക്ഗീത്കാർ പർച്ചംദാസ് ഇലഹബാദിനടുത്ത തീൻസുകിയ ഗാവിൽവച്ച് പട്ടിണിമൂലം മരിച്ചു. റോഡരികിലെ ആൽച്ചുവട്ടിൽ മരിച്ചു കിടക്കുന്നതായി ഗ്രാമീണർ കണ്ടു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ആഹാരക്കുറവ് അഥവാ അനീമിയ എന്ന് രേഖപ്പെടുത്തുന്നു. | </p> |
| | | |
| <p> | കലിയാദേവി മെല്ലെ വിറയ്ക്കാൻതുടങ്ങി. സമചിത്തത വീണ്ടെടുത്ത് അവൾ ചോദിച്ചു. | </p> |
| <p> | “എന്തു പറഞ്ഞു?” | </p> |
| <p> | “നിങ്ങളുടെ രോഗത്തെക്കുറിച്ച്.” | </p> |
| <p> | “ഓ....കഴിഞ്ഞമാസം വന്ന പനിയെക്കുറിച്ചായിരിക്കുമല്ലേ?” | </p> |
| <p> | “അല്ല. ഈ നിമിഷത്തിലും നിങ്ങളെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന രോഗത്തെക്കുറിച്ച്. വൈദ്യഭാഷയിൽ പറഞ്ഞാൽ സെറിബ്രൽ അറ്റാക്സിയ. നാടൻഭാഷയിൽ തുറന്നുപറഞ്ഞാൽ ഒരിക്കലും വിട്ടുമാറാത്ത സിഫിലിസ്. നാളെ നിങ്ങൾ എങ്ങനെയായിത്തീരുമെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. അല്ലേലും എനിക്കറിയാം. നിങ്ങളുടെ ജീവിതകഥ മുഴുവൻ ഡോ. ശിങ്കാര വേലപ്പ റെഡ്ഡി എന്നോടു പറഞ്ഞു.” | </p> |
| <p> | “അപ്പോൾ ഇത് ദീനാനുകമ്പമൂലമുള്ള വിവാഹാലോചനയാണല്ലേ?” | </p> |
| <p> | “അല്ല കലിയേ, ഒരിക്കലും അല്ല. അതുകൊണ്ടാണ് ഞാനെന്റെ ജീവിതകഥ പറഞ്ഞത്. തെലുങ്കാനയുടെ കഥ.” | </p> |
| <p> | “എല്ലാറ്റിനും ഉപരി നിന്ദിതർക്കും പീഡിതർക്കും ചൂഷകർക്കും അധഃസ്ഥിതർക്കും വേണ്ടി ഒരു പുതിയ സമതലോകം ഞാൻ സ്വപ്നം കാണുന്നു. ആ സ്വപ്നത്തിന് ഒരു ഭാഷയുണ്ട്. ആ ഭാഷയ്ക്ക് ഒരു മനസ്സുണ്ട്. അത് ഞാൻ കലിയയിൽ കാണുന്നു. ഇരുമ്പുരുകി തെളിഞ്ഞ് ഉരുക്കായ പരിശുദ്ധമായ മനസ്സ്.” | </p> |
| <p> | രഘുവരലു മെല്ലെ പറഞ്ഞുനിറുത്തി. അവൾ ദൂരേക്കു നോക്കിയിരുന്നു. സൂര്യരശ്മിയേറ്റു വെട്ടിത്തിളങ്ങിയ ജലകണം കിഴക്കോട്ടൊഴുകുന്നു. ആകാശത്ത് സായന്തനമേഘങ്ങൾ ചെമ്പിച്ചുതുടങ്ങി. അവൾ ഭാവവും സ്വരവും നിയന്ത്രണവിധേയമാക്കി. ഇരുത്തം വന്ന മനസ്സ് പറയുംവിധം പറഞ്ഞു: | </p> |
| <p> | “രഘൂ, ഞാൻ ജീവിതത്തെക്കുറിച്ച് എല്ലാം ചിന്തിച്ചു നിശ്ചയിച്ചു കഴിഞ്ഞു. നിങ്ങളുടെ അച്ഛന്റെയും അമ്മയുടെയും പോലെ വിപ്ലവപോരാട്ടത്തിന്റെ തീഷ്ണാനുഭവം എനിക്കില്ല. എല്ലാം വിധിയെന്നു കരുതി കീഴടങ്ങിയവളാണു ഞാൻ; എന്നാൽ ഇന്നെനിക്കു വിധിയിൽ വിശ്വാസമില്ല. എല്ലാം തൊട്ടറിഞ്ഞ് | </p> |

| | | |
|---|---|---|
| | അനുഭവിച്ചവളാണ് ഞാൻ.” | |
| <p> | ക്ഷേത്രമണ്ഡപത്തിലിരുന്ന് ശ്രീകോവിലിലെ വിഗ്രഹത്തിനു നേരെ കണ്ണുചൂണ്ടിക്കൊണ്ട് അവൾ പറഞ്ഞു: | </p> |
| <p> | “ആ കാണുന്ന രാമചന്ദ്രപ്രഭുവിന്റെ ദൈവവിഗ്രഹം വെറും ശിലയാണെന്നുള്ള തിരിച്ചറിവ് ഇന്നെനിക്കു കിട്ടി. യാഥാർത്ഥ്യങ്ങൾക്കിടയിലൂടെ ആസ്തികതയുടെ ഭാരവും പേറി ഓടിയോടി ഞാൻ ചീഞ്ഞുനശിച്ചു. ഇന്നെനിക്ക് തിരിച്ചറിവു കിട്ടി. മരണത്തിനുശേഷം മറ്റൊരു ജന്മമില്ല. കേവലതയുടെയും ആപേക്ഷികതയുടെയും അതിർവരമ്പ് തിരിച്ചറിഞ്ഞിട്ടില്ലാത്ത ഒന്നല്ലേ സ്നേഹം? ആ മനസ്സുവച്ച് ഞാൻ പറയുകയാണ് രഘൂ, അങ്ങയെ അല്ലാതെ മറ്റാരേയും വിവാഹം കഴിക്കാനുള്ള മാനസികാവസ്ഥ ഇന്നെനിക്കില്ല. ശാരീരികാവസ്ഥയും ഇല്ല.” | </p> |
| <p> | പിന്നെ ആരും ഒന്നും മിണ്ടിയില്ല. ആൽമരച്ചോട്ടിൽനിന്ന് രവി ഓടിക്കിതച്ചെത്തി. സന്തോഷത്തോടെ അവൻ പറഞ്ഞു: | </p> |
| <p> | “ആന്റീ, അവിടെ ഒരുപാട് കുരങ്ങുണ്ട്. ഇവിടെനിന്നു നോക്കിയാൽ അത്ര കാണില്ല. ദാ, ഇങ്ങനെ ഇങ്ങനെ ചാടുന്നതു കണ്ടു.” | </p> |
| <p> | അവൻ നിലത്തിരുന്ന് കുരങ്ങിനെ അനുകരിച്ചു ചാടി. അവന്റെ ഷർട്ടിലും ദേഹത്തും പുരണ്ട മണ്ണ് തട്ടിക്കളഞ്ഞുകൊണ്ട് കലിയാദേവി പറഞ്ഞു: | </p> |
| <p> | “മോനേ....വാ, നമുക്കിനി ദാ നദിക്കരികെ കാണുന്ന പാർക്കിൽ പോവാം.” | </p> |
| <p> | “ശരി ഡോക്ടറാന്റീ.” | </p> |
| <p> | പടവുകൾ ചവിട്ടിക്കയറിയ വഴി ഉറ്റുനോക്കിയശേഷം തെക്കുഭാഗത്തെ പടവുകളില്ലാത്ത വഴി ചൂ ണ്ടി രവി പറഞ്ഞു: | </p> |
| <p> | “അതെങ്ങോട്ടുള്ള വഴിയാ ആന്റീ?” | </p> |
| <p> | “അതും താഴേക്കാ.” | </p> |
| <p> | “നമുക്കതിലെ പോയാലെന്താ?” | </p> |
| <p> | “മോന്റിഷ്ടം.” | </p> |
| <p> | മല ചെത്തിമിനുക്കി ടാറിട്ട നിരത്തിലൂടെ മൂവരും നടന്നു. രവി ഇരുവർക്കും നടുവിൽ അവൻ ഇരുവരുടെയും വിരൽത്തുമ്പിൽ പിടിച്ചു നടന്നു. ഇരുവശത്തും കാട്ടുമരങ്ങൾ ചോലവിടർത്തി നിന്നു. ഇടയ്ക്കിടെ കുരങ്ങന്മാർ മരങ്ങൾക്കിടയിലൂടെ ഓടിക്കളിക്കുന്നുണ്ടായിരുന്നു. ഇതു കണ്ടു രവി സന്തോഷിച്ച് കൈയടിച്ചു. വഴി ഇറക്കമായിരുന്നതുകൊണ്ട് നടക്കാൻ എളുപ്പമായിരുന്നു. സായന്തനരശ്മികൾ നിരത്തിൽ നീണ്ട നിഴൽ പതിപ്പിച്ചു. | </p> |
| <p> | നടന്നു നടന്ന് അവർ പാർക്കിലെത്തി. കൃഷ്ണാനദിക്കരയിലെ പാരപ്പറ്റിൽ അവർ പോയിരുന്നു. പാർക്കിലെ പുൽപ്പരപ്പിൽ പൂത്തു നില്ക്കുന്ന ചെടികൾക്കിടയിൽ ഓടിക്കളിച്ചു. | </p> |
| | | |
| <p> | സുനീത് മരവിപ്പോടെ കേട്ടിരുന്നു. അവൻ മിണ്ടിയില്ല. അല്പം കഴിഞ്ഞ് ദ്വിവേദിജി തുടർന്നു: | </p> |

| | | |
|---|---|---|
| <p> | “നിന്റെ പേരിൽ വകുപ്പ് 302 ഉം, 120 എ), 120 ബി, 144, 326 അടക്കം നിരവധി കുറ്റങ്ങൾ ചാർജ്ജ് ചെയ്തിരിക്കുന്നതുകണ്ടും നീ സ്റ്റേറ്റിന്റെ കണ്ണിൽ ഒരു വലിയ നോട്ടപ്പുള്ളി ആയതുകൊണ്ടും എന്റെ ഉറപ്പിന്മേലാണ് സമാധിഘട്ടിന് പറഞ്ഞുവിടുന്നത്. നീ പോലീസുകാരെ വെട്ടിച്ചു കടന്നുകളയരുത്. നിന്നെ വിലങ്ങുവെയ്ക്കില്ല.” | </p> |
| <p> | ജസ്റ്റിസ് കൈലാസ്നാഥ് ദ്വിവേദി മടങ്ങിപ്പോയതോടെ ആശുപത്രി ജീവനക്കാർ പരസ്പരം കുശുകുക്കുന്നതു കേട്ടു: | </p> |
| <p> | “ഓ.... അവൻ ജസ്റ്റിസ് സാബിന്റെ ആളാണ്. വലിയ ധീരൻ.” | </p> |
| <p> | സുനീത്, തോമസിന്റെ ചിതയിലേക്കു നോക്കിയിരുന്നു. അകലെ, ഗംഗയുടെ ആകാശത്തെ ഇരുട്ടിന്റെ പാട ആവരണം ചെയ്തു തുടങ്ങി. പോലീസുകാർ അടുത്തിരുന്ന് ഏറെ സമയമായി എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കുന്നു. സുനീത് അവരെ ശ്രദ്ധിക്കുന്നുവെന്നു മനസ്സിലാക്കിയ ഉടനെ ഒരു പോലീസുകാരൻ ചോദിച്ചു: | </p> |
| <p> | “അങ്ങ് വലിയ നേതാവല്ലേ? വരുന്ന തെരെഞ്ഞെടുപ്പിൽ അങ്ങ് എവിടെയാണ് മത്സരിക്കുന്നത്? മുജഫർനഗരത്തിലോ അലഹബാദിലോ?” | </p> |
| <p> | സുനീത് ഘനീഭവിച്ച ദുഃഖത്തോടെ തലയ്ക്ക് കൈയും കൊടുത്തിരുന്നു. ഇതുകണ്ട് രണ്ടാമത്തെ പോലീസുകാരൻ അവനെ ശാസിച്ചു: | </p> |
| <p> | “മിണ്ടാതിരി, അവൻ വലിയ ദുഃഖത്തിലാണ്.” | </p> |
| <p> | സുനീത് ഗംഗാനദിക്ക് അക്കരെ കുടിലുകളിൽ സന്ധ്യദീപം തെളിയുന്നതുകണ്ടു. സമാധിഘട്ടിൽ ഇരുന്നുകൊണ്ട് ശ്മശാനം സൂക്ഷിപ്പുകാരൻ ഉറക്കെ പറഞ്ഞു: | </p> |
| <p> | “ഇന്നു രാവിലെ ഞാനൊരു കാഴ്ച കണ്ടു സാബ്. ഗംഗയുടെ അക്കരെ ചെങ്കൊടിയേന്തിയ ഗ്രാമീണർ ജാഥയായി പോകുന്നു. നല്ല ചന്തമുള്ള കാഴ്ച. പക്ഷേ ജാഥ നീങ്ങുന്നതിനിടയിൽ പോലീസെത്തി ഗ്രാമീണരെ അടിച്ചോടിച്ചു.” | </p> |
| <p> | അല്പം കഴിഞ്ഞ് ശ്മശാനം സൂക്ഷിപ്പുകാരൻ ചോദിച്ചു: | </p> |
| <p> | “അവിടെ എന്താ കുഴപ്പം സാബ്?” | </p> |
| <p> | ഒന്നാമത്തെ പോലീസുകാരൻ പറഞ്ഞു: | </p> |
| <p> | “താൻ ഏതു ലോകത്താണ്? ഇതൊന്നും അറിയുന്നില്ലേ? ഗംഗാതടത്തിൽ ചെങ്കൊടി മുളച്ചു തുടങ്ങി. മുളച്ചിടത്തൊക്കെ കുഴപ്പമാണ്.” | </p> |
| <p> | രണ്ടാമത്തെ പോലീസുകാരൻ ഉറക്കെ പറഞ്ഞു: | </p> |
| <p> | “നാം എന്തിനാ സാർ അന്യരെ പഴിക്കുന്നത്? എല്ലാറ്റിനും തീവില. പോലീസുകാരായ നമുക്ക് കിട്ടുന്നതുകൊണ്ട് ജീവിക്കുവാൻ കഴിയുന്നില്ലല്ലോ.” | </p> |
| <p> | കൂടെയുള്ള പോലീസുകാരൻ തലകുലുക്കി സമ്മതിച്ചു. ശ്മശാനം സൂക്ഷിപ്പുകാരൻ ചോദിച്ചു: | </p> |
| <p> | “ഈ ചിതയിൽ കത്തുന്നതാരാ?” | </p> |
| <p> | “ഒരു രക്തസാക്ഷിയാണ്.” | </p> |
| <p> | ശ്മശാനം സൂക്ഷിപ്പുകാരൻ അറിയാതെ ആ വാക്ക് രണ്ടുവട്ടം | </p> |

| | | |
|---|---|---|
| | മനസ്സിൽ ഉരിവിട്ടു. അയാളുടെ മുഖത്ത് ഭാവങ്ങൾ മാറിമാറി വന്നു. ഗംഗയോരത്തെ കുതിരവാലൻ പുല്ലുകൾക്കിടയിലൂടെ അയാൾ മെല്ലെ നടന്നു നീങ്ങി. | |
| <p> | സുനീതിന്റെ മനസ്സിൽ ഇരുപത്തിനാല് ചിത ആകാശത്തോളം ഉയർന്നു കത്തി. മുന്നിൽ മറ്റൊന്നുകൂടെ. | </p> |
| <p> | കുറെക്കഴിഞ്ഞ് ശ്മശാനം സൂക്ഷിപ്പുകാരൻ മടങ്ങിയെത്തി. കൈനിറയെ ഋതുഭേദത്തിനിടയിൽ എവിടെയോ അവശേഷിച്ച ചെമന്ന ഗോന്താപ്പൂക്കളായിരുന്നു. ചിതയുടെ കാൽക്കൽ അത് അയാൾ അർപ്പിച്ചു. ചിതാവെളിച്ചത്തിൽ അയാളുടെ മുഖം കനൽപൂണ്ടിരുന്നു. | </p> |
| <p> | ഒന്നാമത്തെ പോലീസുകാരൻ പറഞ്ഞു: | </p> |
| <p> | “എന്റെ രക്തസാക്ഷി സഹോദരന്റെ ജഡം എരിഞ്ഞുതീർന്നേ ഞാനിവിടന്നു പോകൂ.” | </p> |
| <p> | രണ്ടാമത്തെ പോലീസുകാരൻ അല്പനേരം കത്തുന്ന ചിത നോക്കിയിരുന്നു. പിന്നെ വിഷാദത്തോടെ സുനീതിനോടു പറഞ്ഞു: | </p> |
| <p> | “ഞാൻ ചെല്ലുവോളം കുട്ടികൾ പടക്കം കാത്തിരിക്കും. എന്നാലും ഞങ്ങൾക്കിന്ന് ദീപാവലി ഉത്സവമില്ല സാബ്.” | </p> |
| <p> | സുനീത് മിണ്ടിയില്ല. കറുത്തുതടിച്ച ദേഹത്ത് കുറ്റിരോമം എഴുന്നേറ്റുനിൽക്കുന്ന ശ്മശാനം സൂക്ഷിപ്പുകാരൻ ചിതയുടെ കാൽക്കൽ കുത്തിയിരുന്നു. | </p> |
| <p> | ഭൂമിയിലേക്കു തണുപ്പിറങ്ങിവന്നു. സുനീത് ചുറ്റും നോക്കി. കണ്ണിൽ കുത്തിയാൽ കാണാത്ത ഇരുട്ട്. ഗംഗമുഴുവൻ കരിവീരന്മാർ കിടന്നുറങ്ങും പോലെ കനത്ത ഇരുട്ട്. | </p> |
| <p> | ഇരുട്ടിൽ ഗംഗയ്ക്കക്കരെ ഗ്രാമീണരെ കണ്ടില്ല. അവർ ഇലയ്ക്കു മുകളിൽ തിരിയിട്ടു കത്തിച്ച് ഒരുക്കിവിട്ട ദീപാവലി ദീപങ്ങൾ ഗംഗയ്ക്കുമേലെ ഒഴുകാൻ തുടങ്ങി. ചിതയിൽ കാണുന്ന പ്രകാശംതന്നെ. ദീപനാളങ്ങൾ ഗംഗയിൽ ഒഴുകി. ഒന്നു പലതായി. ദശമായി. ഔഘമായി. പരൗഘമായി. ഗംഗ നിറയെ പലവെള്ളം ദീപനാളങ്ങൾ ശിരസ്സുയർത്തി ജ്വലിച്ചു നില്ക്കുന്നു. | </p> |

</body></text>
</Doc>